ലേഖനം

അബൂഫിദൽ

# ബംഗാളിലെ വോട്ടും ഒരു കുടം വിവാദവും

**ലോക്സഭാ** തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമി പശ്ചിമ ബംഗാൾ ഘടകം സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട് വിവാദങ്ങൾ സൃഷ്ടിക്കാൻ നമ്മുടെ നാട്ടിൽ ചില സുഹൃത്തുക്കൾ ശ്രമിച്ചുനോക്കുന്നുണ്ട്. ബംഗാളിലെ രാഷ്ട്രീയ സാഹചര്യവും യാഥാർഥ്യങ്ങളുമായി ബന്ധപ്പെട്ട വിശദീകരണത്തിനാണ് ഈ കുറിപ്പ്.

ഇവിടെ കേരളത്തിൽ ഇടതുപക്ഷത്തിന് വോട്ടുകൊടുത്ത നിങ്ങൾ അങ്ങ് ബംഗാളിൽ എന്തുകൊണ്ടാണ് കോൺഗ്രസിനും തൃണമൂൽ കോൺഗ്രസിനും വോട്ടു കൊടുത്തത് എന്നാണ് പ്രധാന ചോദ്യങ്ങളിലൊന്ന്. ഇന്ത്യ പോലെ വ്യത്യസ്തവും സങ്കീർണവുമായ സാമൂഹിക, രാഷ്ട്രീയ അവസ്ഥകളുള്ള ഒരു രാജ്യത്ത് എല്ലാ സംസ്ഥാനങ്ങളിലും ഒരേ രീതിയിലുള്ള രാഷ്ട്രീയ നിലപാടുകൾ സ്വീകരിക്കാൻ കഴിയില്ല എന്നതാണ് ഏറ്റവും പ്രധാനം. പൊതുവായ ഒരു ദേശീയ നയം രൂപീകരിക്കുന്നതോടൊപ്പം സംസ്ഥാനങ്ങളിലെ ആഭ്യന്തര രാഷ്ട്രീയ, സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനേ യാഥാർഥ്യ ബോധമുള്ള ഏത് സംഘടനക്കും സാധിക്കുകയുള്ളൂ. ബംഗാളിലെ നിലപാട് ഉയർത്തിക്കാട്ടി ഇസ്‌ലാമിക പ്രസ്ഥാനത്തെ വിമർശിക്കുന്നവരിൽ മുൻനിരയിൽ മുസ്‌ലിം ലീഗിന്റെ പ്രഭാഷകരും എഴുത്തുകാരുമാണ്. ഇന്ത്യയിലെ മുസ്‌ലിംകളുടെ ഒരേയൊരു രക്ഷാമാർഗം കോൺഗ്രസിനോടൊപ്പം ചേർന്ന് പ്രവർത്തിക്കുക മാത്രമാണെന്ന് സിദ്ധാന്തിക്കുന്നവരാണ് മുസ്‌ലിം ലീഗ്. ബാബരി മസ്ജിദ് തകർച്ച, ഉത്തരേന്ത്യയിലെ നിർബാധമായ വർഗീയ കലാപങ്ങൾ, ആണവ കരാർ, ഇറാൻ വോട്ട് തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം അവർ കോൺഗ്രസിനൊപ്പം അവരുടെ മുന്നണിയിൽ നിന്നു. കോൺഗ്രസ് എന്ന മതേതര പ്രസ്ഥാനത്തോടൊപ്പം മുന്നണിയിൽ നിൽക്കുകയല്ലാതെ ഇന്ത്യയിലെ മുസ്‌ലിംകൾക്ക് മറ്റൊരു വഴിയില്ല എന്ന നിലപാടായിരുന്നു മുസ്‌ലിം ലീഗിന്. എന്നാൽ അതേ മുസ്‌ലിം ലീഗ് കേരളത്തിന് പുറത്ത് മത്സരിച്ചേടത്തെല്ലാം കോൺഗ്രസിന് എതിരായിരുന്നു എന്നതാണ് സത്യം. അവിടെ മതേതര പുംഗവരായ കോൺഗ്രസുകാർ ലീഗിനെ അടുപ്പിക്കില്ല. കോണി കണ്ടാൽ തല കറങ്ങുന്നവരാണ് കേരളത്തിന് പുറത്തെ കോൺഗ്രസുകാർ. സാക്ഷാൽ ബംഗാളിൽ ലീഗ് മത്സരിച്ചേടത്തെല്ലാം കോൺഗ്രസിനും കോൺഗ്രസ് മുന്നണിക്കും എതിരായിരുന്നു (ഒരിടത്തും കെട്ടിവെച്ച കാശ് കിട്ടിയില്ലെന്നത് വേറെ കാര്യം). ബംഗാളിലെ നിലപാടിന്റെ പേരിൽ കേരളത്തിൽ കോൺഗ്രസ് മുന്നണിയിൽ നിൽക്കാൻ ലീഗിന് അർഹതയില്ലെന്നോ ലീഗിന്റേത് അവസരവാദ തട്ടിപ്പ് നയമെന്നോ ആരും പറഞ്ഞിട്ടില്ല. ഇന്ത്യയിലെ രാഷ്ട്രീയ വൈവിധ്യങ്ങളെയും വിവിധ സംസ്ഥാനങ്ങളിലെ സാഹചര്യങ്ങളെയും മനസ്സിലാക്കുന്നവർ അങ്ങനെ പറയുകയുമില്ല. എന്നാൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ കാര്യം വരുമ്പോൾ ഇത്തരം കാര്യങ്ങൾ പലരും മറന്നുപോവുകയാണ്.

> മുസ്‌ലിം ലീഗ് കേരളത്തിന് പുറത്ത് മത്സരിച്ചേടത്തെല്ലാം കോൺഗ്രസിന് എതിരായിരുന്നു എന്നതാണ് സത്യം. അവിടെ മതേതര പുംഗവരായ കോൺഗ്രസുകാർ ലീഗിനെ അടുപ്പിക്കില്ല. കോണി കണ്ടാൽ തല കറങ്ങുന്നവരാണ് കേരളത്തിന് പുറത്തെ കോൺഗ്രസുകാർ. സാക്ഷാൽ ബംഗാളിൽ ലീഗ് മത്സരിച്ചേടത്തെല്ലാം കോൺഗ്രസിനും കോൺഗ്രസ് മുന്നണിക്കും എതിരായിരുന്നു (ഒരിടത്തും കെട്ടിവെച്ച കാശ് കിട്ടിയില്ലെന്നത് വേറെ കാര്യം).

ഇടതുപക്ഷത്തിന് മാത്രമേ വോട്ട് ചെയ്യുകയുള്ളൂ എന്ന് ജമാഅത്തെ ഇസ്‌ലാമി പറഞ്ഞിട്ടില്ല. പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മൂന്ന് അടിസ്ഥാന സമീപനങ്ങളാണ് ജമാഅത്ത് ദേശീയ

തലത്തിൽ സ്വീകരിച്ചത്. അവയിങ്ങനെ:

1. ബി.ജെ.പിയോ ബി.ജെ.പി മുന്നണിയായ എൻ.ഡി.എയോ അധികാരത്തിൽ വരുന്നതിനുള്ള സാധ്യത തടയുക. എൻ.ഡി.എയും മതേതര ശക്തികളും ഏറ്റുമുട്ടുന്നിടത്ത് മതേതര സ്ഥാനാർഥികളുടെ വിജയം ഉറപ്പുവരുത്തുന്നതിനുള്ള സമീപനം സ്വീകരിക്കുക.

2. പാർലമെന്റിൽ ഇടതുപക്ഷത്തിന്റെ പങ്കാളിത്തം വർധിപ്പിക്കുക. കോൺഗ്രസിന്റെ ഏകപക്ഷീയമായ നയങ്ങളെ തടയാനും അധികാരത്തിന്റെ സന്തുലനം നിലനിർത്താനും ഇടതുപക്ഷത്തിന്റെ സമ്മർദശേഷി വർധിക്കണമെന്ന് ജമാഅത്ത് കരുതുന്നു.

3. പാർലമെന്റിൽ യോഗ്യതയും കഴിവുമുള്ള മുസ്‌ലിം അംഗങ്ങളുടെയും സംഘടനകളുടെയും സാന്നിധ്യം വർധിപ്പിക്കുക

എൻ.ഡി.എക്കെതിരെ മതേതര വോട്ടുകൾ ഭിന്നിച്ചു പോകാനിടയുള്ള സ്ഥലങ്ങളിൽ വളരെ സൂക്ഷ്മതയോടെയും ജാഗ്രതയോടെയുമാണ് ജമാഅത്ത് പ്രവർത്തിച്ചത്. മതേതര സ്ഥാനാർഥികൾക്കിടിയിൽ കൂടുതൽ വിജയ സാധ്യതയുള്ളവരെ കണ്ടെത്തുകയും അവർക്ക് മുസ്‌ലിം വോട്ടുകൾ ഏകീകരിച്ച് നൽകുകയും ചെയ്യുക എന്ന ശ്രമകരമായ ജോലിയാണ് ജമാഅത്ത് നിർവഹിച്ചത്. കർണാടക, മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ വിഷയത്തിൽ ജമാഅത്ത് ഘടകങ്ങൾ വളരെ സജീവമായി ഇടപെടുകയും അതിന്റെ ഫലം കാണുകയും ചെയ്തു. ഗുജറാത്തിൽ പി.സി.സി അധ്യക്ഷൻ അഹ്മദാബാദിലെ ജമാഅത്ത് ഓഫീസിൽ നേരിട്ട് വന്നാണ് കോൺഗ്രസിന്റെ നന്ദി അറിയിച്ചത്.

രാജ്യത്ത് 419 സീറ്റുകളിലാണ് ജമാഅത്ത് തെരഞ്ഞെടുപ്പ് പിന്തുണ പ്രഖ്യാപിച്ചത്. ഇതിൽ 223 സീറ്റിലും കോൺഗ്രസിനാണ് പിന്തുണ. കോൺഗ്രസ് ഈ രാജ്യത്തെ നയിക്കാൻ പറ്റുന്ന ഏറ്റവും ശരിയായ പ്രസ്ഥാനം എന്ന കാഴ്ചപ്പാടിൽ നിന്നല്ല ഈ തീരുമാനം. മറിച്ച്, യാഥാർഥ്യ ബോധമുള്ള ഒരു പ്രസ്ഥാനം എന്ന നിലക്ക് രാജ്യത്തിന്റെ രാഷ്ട്രീയ അവസ്ഥകളെ വിശകലനം ചെയ്ത് ശരിയായ രാഷ്ട്രീയ നിലപാടുകൾ സ്വീകരിക്കുകയായിരുന്നു അത്. കേരളത്തിലെ '0' വട്ടത്തിൽ നിന്ന് ആലോചിക്കുകയും ഇതു തന്നെ ലോകം എന്നു കരുതുകയും ചെയ്യുന്നവർക്ക് സങ്കീർണമായ ഇന്ത്യൻ യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കേണ്ട യാതൊരു ആവശ്യവുമില്ല.

ബംഗാളിലെ അവസ്ഥകളിലേക്ക് വരാം. മൂന്ന് പതിറ്റാണ്ടോളമായി ഇടതുപക്ഷം ഭരിക്കുന്ന സംസ്ഥാനമാണത്. പക്ഷേ, ഇത്രയും കാലം ഇടതുപക്ഷം ഭരിച്ചതിന്റെ യാതൊരു ലക്ഷണവും ബംഗാളിൽ ഇല്ല. ഗ്രാമങ്ങളിലെയും കാർഷിക മേഖലയിലെയും ദാരിദ്ര്യം അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു. മുസ്‌ലിംകളാവട്ടെ, ദലിതരേക്കാൾ കടുത്ത വിവേചനത്തിന് വിധേയരാവുന്നു. നന്ദിഗ്രാം സംഭവം ഇത്തരം അവസ്ഥകളുടെ വലിയൊരു സൂചനയാണ്. നന്ദിഗ്രാം സംഭവത്തിൽ കക്ഷിയായ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ഇവിടെ നന്ദിഗ്രാം എന്നു പറഞ്ഞ് ബഹളം വെക്കുകയും ജമാഅത്തിനെതിരെ കുതിര കയറുകയും ചെയ്യുന്ന ഒരു സംഘടനക്കും നന്ദിഗ്രാമിൽ പ്രവർത്തകരോ ഘടകമോ ഇല്ലെന്നതാണ് വാസ്തവം. നന്ദിഗ്രാമിലെ ജനങ്ങളോടൊപ്പം പ്രതിസന്ധി ഘട്ടങ്ങളിൽ നിലകൊണ്ട ജമാഅത്തിന് സ്വാഭാവികമായും അവരുടെ മനസ്സു വായിക്കാൻ കഴിയും. നന്ദിഗ്രാമിന് ശേഷം മുസ്‌ലിംകളും ഇടതുപക്ഷവും തമ്മിലുള്ള ബന്ധം അങ്ങേയറ്റം ഉലഞ്ഞുപോയി. ഇടതുപക്ഷത്തെ പ്രഹരിക്കണമെന്നത് ബംഗാളിലെ മുസ്‌ലിംകളുടെ പൊതുവായ വികാരമായിരുന്നു.

ബംഗാളിലെ മേൽ വിവരിച്ച സവിശേഷമായ സാഹചര്യത്തിലാണ് പരമാവധി സ്ഥലങ്ങളിൽ കോൺഗ്രസ്-തൃണമൂൽ കോൺഗ്രസ് സഖ്യത്തെ പിന്തുണക്കുന്ന നിലപാട് ജമാഅത്ത് സ്വീകരിച്ചത്. പ്രണബ് കുമാർ മുഖർജി മത്സരിക്കുന്ന ജംഗിപ്പൂരിലും ഇതായിരുന്നു അവസ്ഥ. ജംഗിപ്പൂരിലെ ഏഴോളം പഞ്ചായത്തുകളിൽ ജമാഅത്ത് നിർണായക ശക്തിയാണ്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജമാഅത്ത് ഇവിടെ സി.പി.എമ്മിനോട് നേരിട്ട് മത്സരിച്ചതാണ്. മൂന്നിടത്ത് വിജയിക്കുകയും ചെയ്തു. പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടായ സി.പി.എം അതിക്രമങ്ങൾ ജമാഅത്തിനെയും മുസ്‌ലിം സമൂഹത്തെയും ഏറെ വേദനിപ്പിച്ചു. സി.പി.എമ്മുമായി യാതൊരു സംസാരവും സാധ്യമല്ലാത്ത പ്രത്യേക അവസ്ഥയാണ് ജംഗിപ്പൂരിലേത്. മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം പ്രാദേശികമായ നിലനിൽപുമായി ബന്ധപ്പെട്ട പ്രശ്നമായിരുന്നു ജംഗിപ്പൂരിലേത്. പ്രാദേശിക നിലനിൽപുമായി ബന്ധപ്പെട്ട ഒരു പ്രശ്നത്തെ മാറ്റി നിർത്തി ഒരു അന്താരാഷ്ട്ര അജണ്ടക്ക് പ്രാമുഖ്യം നൽകാൻ മാത്രം മുൻഗണനാ രാഹിത്യം ജമാഅത്തിനില്ല എന്നതു കൊണ്ട് തന്നെയാണ് ജംഗിപ്പൂരിൽ കോൺഗ്രസിന് പിന്തുണ നൽകിയത്. തെരഞ്ഞെടുപ്പ് ഫലമാകട്ടെ, ജമാഅത്തിന്റെയും മറ്റ് മുസ്‌ലിം സംഘടനകളുടെയും നിലപാടിന് ലഭിച്ച അംഗീകാരവുമായി. എന്നാൽ ബംഗാളിലെ മാർക്സിസ്റ്റ് മുന്നണിക്കെതിരെ ഇവിടെ നിന്ന് ബഹളം വെക്കുന്ന ലീഗുകാർ കോൺഗ്രസ്-തൃണമൂൽ സഖ്യത്തെ പിന്തുണക്കാതെ ഒറ്റക്ക് മത്സരിക്കുകയായിരുന്നു. ബംഗാളിൽ ഇടതുപക്ഷത്തെ പരാജയപ്പെടുത്തിയതിൽ ലീഗിന് ഒരു പങ്കുമില്ലെന്ന് ചുരുക്കം.

ഇടതുപക്ഷത്തിന് പാർലമെന്റിൽ സമ്മർദ ശേഷി വർധിക്കണമെന്ന ജമാഅത്തിന്റെ രാഷ്ട്രീയ ലൈനിനെ തത്ത്വത്തിൽ എതിർക്കാൻ യാഥാർഥ്യ ബോധമുള്ള ആരും മുന്നോട്ടുവരുമെന്ന് തോന്നുന്നില്ല. ഇന്നത്തെ ദേശീയ സാഹചര്യത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് സ്വീകരിക്കാവുന്ന ഏറ്റവും ശരിയായ സമീപനമാണത്. ദേശീയ തലത്തിൽ മുസ്‌ലിം ബുദ്ധിജീവികളും ചിന്തകരും ഈ ലൈനിനെ ശരിവെക്കുകയാണ് ചെയ്തത്. പാർലമെന്റിൽ ഇടതുപക്ഷത്തിന്റെ സാന്നിധ്യം നാമമാത്രമായിരിക്കുകയാണ്. അതിന്റെ പ്രത്യാഘാതങ്ങൾ തീർച്ച

**രാജ്യത്ത് 419 സീറ്റുകളിലാണ് ജമാഅത്ത് തെരഞ്ഞെടുപ്പ് പിന്തുണ പ്രഖ്യാപിച്ചത്. ഇതിൽ 223 സീറ്റിലും കോൺഗ്രസിനാണ് പിന്തുണ. കോൺഗ്രസ് ഈ രാജ്യത്തെ നയിക്കാൻ പറ്റുന്ന ഏറ്റവും ശരിയായ പ്രസ്ഥാനം എന്ന കാഴ്ചപ്പാടിൽ നിന്നല്ല ഈ തീരുമാനം. മറിച്ച്, യാഥാർഥ്യ ബോധമുള്ള ഒരു പ്രസ്ഥാനം എന്ന നിലക്ക് രാജ്യത്തിന്റെ രാഷ്ട്രീയ അവസ്ഥകളെ വിശകലനം ചെയ്ത് ശരിയായ രാഷ്ട്രീയ നിലപാടുകൾ സ്വീകരിക്കുകയായിരുന്നു അത്.**

യായും ഇന്ത്യ അനുഭവിക്കേണ്ടി വരും. പക്ഷേ, ബംഗാളിലെ മുസ്‌ലിംകളുടെ ചെലവിൽ ഇനിയും അത് സാധ്യമല്ലെന്ന അവസ്ഥയിൽ അവിടത്തെ മുസ്‌ലിംകളും ഇസ്‌ലാമിക പ്രസ്ഥാനവും എത്തുകയായിരുന്നു. ബംഗാളിലെ ഇടതുപക്ഷത്തിന് പ്രഹരമേൽക്കുക എന്നതും സമുദായത്തിന്റെയും ബംഗാളികളുടെയും രാഷ്ട്രീയ ആവശ്യമായിരുന്നു.

എന്നാൽ മറ്റിടങ്ങളിൽ പരമാവധി സ്ഥലങ്ങളിൽ ഇടതു സ്ഥാനാർഥികളെ പിന്തുണക്കാനാണ് ജമാഅത്ത് ശ്രദ്ധിച്ചത്. തമിഴ്നാട്ടിൽ ഇടതുപക്ഷം മത്സരിച്ച ആറിടത്തും ജമാഅത്ത് പിന്തുണ പ്രഖ്യാപിച്ചു. മുസ്‌ലികൾ ഇടതുരാഷ്ട്രീയവുമായി അകന്നു നിൽക്കുന്ന ഉത്തർ പ്രദേശിൽ വരെ ഒരിടത്ത് ജമാഅത്ത് സി.പി.ഐക്ക് പിന്തുണ പ്രഖ്യാപിച്ചു.

കലങ്ങി മറിഞ്ഞ രാഷ്ട്രീയ സാഹചര്യത്തിൽ സമുദായത്തിനും രാജ്യത്തിനും രാഷ്ട്രീയ ദിശ നൽകുന്ന മഹത്തായ പ്രവർത്തനമാണ് ഇസ്‌ലാമിക പ്രസ്ഥാനം നിർവഹിക്കുന്നത്. കേരളത്തിലെ സംഘടനാ സങ്കുചിതവാദികൾക്ക് അത് കാണാനുള്ള കണ്ണ് പലപ്പോഴും നഷ്ടപ്പെടുന്നുവെന്നു മാത്രം. എന്നാൽ വിവിധ സംസ്ഥാനങ്ങളിലെ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് ജമാഅത്ത് തീരുമാനങ്ങളുടെ വില അറിയാം. സി.പി.ഐ ദേശീയ ജനറൽ സെക്രട്ടറി ദൽഹിയിലെ ജമാഅത്ത് കേന്ദ്ര ഓഫീസിൽ വന്ന് ചർച്ച നടത്തിയതും മുൻ പ്രധാന മന്ത്രി ദേവഗൗഡ ജമാഅത്തിന്റെ ബാംഗ്ലൂർ ഓഫീസിൽ വന്നതും സി.പി.എം കേന്ദ്ര ആസ്ഥാനത്ത് ജമാഅത്ത്-സി.പി.എം നേതാക്കളുടെ ഔദ്യോഗിക ചർച്ച നടന്നതുമെല്ലാം ഇതിന്റെ സൂചനകളാണ്. ആന്ധ്രപ്രദേശിലെ ഏതാണ്ടെല്ലാ രാഷ്ട്രീയ പാർട്ടി നേതൃത്വവും ജമാഅത്ത് സംസ്ഥാന നേതൃത്വവുമായി ചർച്ച നടത്തുകയും ജമാഅത്തിന്റെ ജനകീയ മാനിഫെസ്റ്റോവിനോടുള്ള തങ്ങളുടെ നിലപാട് അറിയിക്കുകയും ചെയ്തിരുന്നു. രാജസ്ഥാനിൽ ജമാഅത്ത് സംസ്ഥാന അമീർ മുഹമ്മദ് സലീം തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലെ ഗതി നിർണയിക്കുന്നതിൽ മുമ്പ് പലപ്പോഴുമെന്ന പോലെ സജീവമായ പങ്കാണ് വഹിച്ചത്. ഉത്തർ പ്രദേശ്, ജാർഖണ്ഡ്, ആസാം, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലും ജമാഅത്ത് നേതൃത്വത്തിന്റെ ഇടപെടൽ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. കേരളത്തിലെ 20 മണ്ഡലങ്ങളാണ് ഇന്ത്യയുടെ രാഷ്ട്രീയ ഭാവി തീരുമാനിക്കുന്നതെന്ന് ധരിച്ചു പോയവർക്ക് ഇസ്‌ലാമിക പ്രസ്ഥാനം ദേശീയ തലത്തിൽ എടുക്കുന്ന നിലപാടുകൾ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിച്ചെന്ന് വരില്ല. ■